പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4988

21.10.2011-ൽ മറുപടിയ്ക്ക്

## അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഹംസ | | ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) | |
| എ. | അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി എന്തു തുകയാണ് അനുവദിച്ചത്; ഓരോ മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനുകൾക്കും എന്തു തുക വിതമാണ് നൽകിയത്; | എ. | അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ പ്രാരംഭ ഭരണ നിർവ്വഹണ ചെലവുകൾക്കായി 14 ജില്ലകളിലെയും ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാർക്ക് 2010-11 സാമ്പത്തിക വർഷത്തിൽ ആകെ 34289000 രൂപ അനുവദിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകൾക്ക് തുക വീതിച്ചതു സംബന്ധിച്ച കണക്ക് ശേഖരിച്ചു വരുന്നു. |
| ബി. | ഈ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം എന്ന് എവിടെ വച്ചാണ് നടന്നത് ; വിശദീകരിക്കുമോ ; | ബി. | 2010 നവംബർ 1-നാണ് അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചത്. |
| സി. | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി എത്ര തുകയാണ് നീക്കി വച്ചിരിക്കുന്നത്; | സി. | അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായി 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. |
| ഡി. | അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയുടെ തുടർ നടപടികൾ സംബന്ധിച്ച് വ്യക്തത നൽകുമോ? | ഡി. | 2011-12 സാമ്പത്തിക വർഷത്തിൽ ഇതിനകം സംസ്ഥാനത്തെ 29 മുനിസിപ്പൽ/കോർപ്പറേഷനുകൾ വാർഷിക കർമ്മപദ്ധതിയും ലേബർ ബഡ്ജറ്റും അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയ്ക്കായി കേന്ദ്രസഹായം തേടുന്നതിനും കൂടുതൽ തുക കണ്ടെത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.